Email : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : **0471-2331513, 0471-2331136**

നം. സി.ബി(1)24726/2012

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 10.2.2013

**<u>സർക്കുലർ നമ്പർ:10/2013</u>**

വിഷയം:- സഹകരണ വകുപ്പ് - കിസാൻക്രഡിറ്റ് കാർഡ് പദ്ധതി-പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതു- സംബന്ധിച്ച്.

സൂചന:- 1) സഹകരണസംഘം രജിസ്ട്രാറുടെ 48/99,28/00,41/2004 നമ്പർ സർക്കുലർ

2) നബാർഡ് കേരള റീജിയണൽ ഓഫീസ് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.3.2012 ലെ NB/PCD/KCC/2082/KCC1/2011-12 നമ്പർ കത്ത്

കർഷകർക്ക് ലളിതമായ നടപടിക്രമങ്ങളോടെ യഥാസമയം കാർഷിക വായ്പ ലഭ്യമാക്കുന്നതിനായി 1999-2000 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കിസാൻക്രഡിറ്റ് കാർഡ് പദ്ധതി സംബന്ധിച്ച് സൂചന 1 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. കിസാൻക്രഡിറ്റ് കാർഡ് പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിനും, പദ്ധതിയിൽ വരുത്തേണ്ടതായ മാറ്റങ്ങൾ ശുപാർശ ചെയ്യാനുമായി കേന്ദ്ര ധനകാര്യ മന്ത്രാലയം രൂപം നൽകിയ വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന 2 പ്രകാരം നബാർഡ് അറിയിച്ചിട്ടുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു.

കർഷകന് കൃഷി മറ്റ് അനുബന്ധ ആവശ്യങ്ങൾകൂടി പരിഹരിക്കുന്നതിനായി ബാങ്കിംഗ് സംവിധാനത്തിലൂടെ ഏകജാലകം വഴി ആവശ്യമായ തുക ആവശ്യമായ സമയത്ത് എത്തിക്കാൻ പുതിയ പദ്ധതി ലക്ഷ്യമിടുന്നു.

1. വിളയ്ക്ക് നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസ്, ഇൻഷുറൻസ് പ്രീമിയം എന്നിവയുടെയും കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെയും അടിസ്ഥാനത്തിൽ പരിധി നിശ്ചയിക്കുകയും ആയതിന്റെ 10% തുക, വിളവെടുപ്പിന് ശേഷവും വീട്ടുപകരണങ്ങൾ, ഉപഭോഗ ആവശ്യങ്ങൾ എന്നിവക്ക് ആയും കൃഷിയുമായി ബന്ധപ്പെട്ട് ആസ്തികളുടെ അറ്റകുറ്റപണികൾക്കായും (പമ്പ്സെറ്റ്, Sprayer, ഡയറി, അനിമൽ തുടങ്ങിയവയ്ക്ക്) പരമാവധി 20% തുക പ്രവർത്തനമൂലധനമായി കണക്കിലെടുത്തുകൊണ്ടും ഉത്പന്നങ്ങളുടെ വിപണനത്തിനും ആയി സ്കെയിൽ ഓഫ് ഫിനാൻസ് അടിസ്ഥാനത്തിൽ വിളവായ്പ കമ്പോണന്റ് തിട്ടപ്പെടുത്താവുന്നതാണ്.
2. എല്ലാ വ്യക്തികളായ കർഷകർക്കും കൂട്ടുകൃഷിക്കാർക്കും ടെനന്റ് ഫാർമേഴ്സിനും ടെനന്റ് ഫാർമേഴ്സ് ഷെയർ ക്രോപ്പേഴ്സ് എന്നിവരുൾപ്പെട്ട എല്ലാ സ്വാശ്രയ സംഘങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള വായ്പ ലഭിക്കുന്നതാണ്. സാധാരണക്കാരായ കർഷകരുടെ വായ്പാ തിട്ടപ്പെടുത്തൽ ലളിതമായിരിക്കേണ്ടതാണ്.
3. KCC യുടെ വായ്പാകാലാവധി 5 വർഷം ആയിരിക്കും.
4. ആദ്യ വർഷം അനുവദിക്കുന്ന തുകയോടൊപ്പം എസ്കലേഷൻ ചെലവിനത്തിൽ 10% അധികം തുക സ്കെയിൽ ഓഫ് ഫിനാൻസ് നു പുറമേ ഓരോവർഷവും നൽകാവുന്നതാണ്.
5. കർഷകൻ ഒന്നിലധികം വിള ഉത്പാദിപ്പിക്കുന്നുവെങ്കിൽ എസ്കലേഷൻ ചെലവിനത്തിൽ 10% അധികം തുക എല്ലാ വർഷവും നൽകാവുന്നതാണ്. ഓരോ വിളവായ്പക്കും പ്രത്യേകം പ്രത്യേകം മാർജിൻ എടുക്കുവാൻ പാടുള്ളതല്ല.

6. അക്കൗണ്ടിൽ നിന്നും തുക യഥേഷ്ടം പിൻവലിക്കാവുന്നതാണ്.തിരിച്ചടവ് 12 മാസത്തിനുള്ളിൽ നടത്തിയിരിക്കണം
7. പലിശ ഇളവ്, കൃത്യമായി തിരിച്ചടക്കുന്നവർക്കുള്ള കിഴിവ് എന്നിവ കേന്ദ്ര സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം ലഭ്യമാകുന്നതാണ്.
8. മൂന്നുലക്ഷം രൂപാവരെയുള്ള വായ്പകൾക്ക് പ്രോസസിംഗ് ഫീസ് ഈടാക്കുന്നതല്ല.
9. ആദ്യതവണ തുക കൈപ്പറ്റുമ്പോൾ മാത്രം ഡോക്കുമെന്റേഷനിൽ ഏർപ്പെട്ടാൽ മതിയാകും, തുടർന്ന് കർഷകന്റെ ലളിതമായ പ്രതിജ്ഞാപത്രം മാത്രം നൽകിയാൽ മതിയാകും
10. കർഷകന് KCC cum SB എന്ന ഒരു അക്കൗണ്ട് മാത്രം മതിയാകും ടി അക്കൗണ്ടിലെ ബാക്കി നില്പിന് സേവിംഗ്സ് ബാങ്കിലെ നിരക്കിലുള്ള പലിശ നൽകാവുന്നതാണ്.
11. അക്കൗണ്ടിൽ നിന്നും ബാങ്കു മുഖേനയും ATM/Mobile Head Set എന്നിവ വഴിയും തുക പിൻവലിക്കാവുന്നതാണ്.

എല്ലാ ജോയിന്റ് രജിസ്ട്രാർമാരും ഈ വിവരം അതാതു ജില്ലയിലെ സഹകരണ സംഘങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

ഒപ്പ്
കെ.വി സുരേഷ് ബാബു
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)